പക്ഷെ അവർക്ക് കേന്ദ്ര കൃഷിവകുപ്പിന്റെ അനുവാദം വേണ്ടിയിരുന്നു. ഇതുവരെയും കേന്ദ്ര കൃഷിവകുപ്പ് അനുവാദം കൊടുത്തിട്ടില്ലെന്നാണ് അറിയുന്നത്. വീണ്ടും വീണ്ടും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടും ഗവൺമെന്റുമായി ബന്ധപ്പെട്ടും കത്തുകളിലൂടെയും ഇതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും ഈ സമയം വരെ അനുവാദം ലഭിച്ചിട്ടില്ല. ഇത്തരം അനുവാദം ലഭിക്കുമെങ്കിൽ തീർച്ചയായും ആലപ്പുഴ തുറമുഖം പ്രവർത്തനക്ഷമമാകും. ഒരു ചെറിയ പ്രശ്നമുള്ളത് മേയ് 15-ാം തീയതി മുതൽ സെപ്റ്റമ്പർ മാസം വരെ ഓഫ് കാലമാണ്. അവിടെ കയറിറക്കുമതിയ്ക്ക് കാലാവസ്ഥകൊണ്ട് സാധിക്കുകയില്ല. മേയ് 15-നുള്ളിൽ പെട്ടന്ന് അനുവാദം കിട്ടുമെങ്കിൽ ആവശ്യമായ സജ്ജീകരണങ്ങൾ അവിടെയുണ്ട്. അതേസമയം കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കശുവണ്ടി കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ കൊണ്ടുവരുന്ന സാധനങ്ങൾ കൊണ്ട് നമ്മുടെ ഈ തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കുകയാണ്. അത്തരത്തിൽ സൗകര്യം കിട്ടിയാൽ ആലപ്പുഴ തുറമുഖം പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു.

സർ, തൊഴിലാളികൾക്ക് ജോലിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. കഴിഞ്ഞ 1988-89 കൊല്ലക്കാലം ആലപ്പുഴ തുറമുഖത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സൗകര്യം ലഭിക്കാനുള്ള കാലമായിരുന്നു. പക്ഷെ ഒന്നരക്കൊല്ലം അതിന്റെ കുറവുണ്ടായിട്ടുണ്ട്. അത് പരിഹരിക്കാനുള്ള മാർഗ്ഗമെന്താണെന്ന് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീമതി റോസമ്മ പുന്നൂസ്: ഇന്ത്യൻ പൊട്ടാഷ് കമ്പനി ഇറക്കുമതി ചെയ്യാൻ സമ്മതിച്ചിട്ടും കൃഷിവകുപ്പിന്റെ അനുവാദം കിട്ടാത്തതു കൊണ്ടാണ് നടത്താൻ കഴിയാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അടുത്ത സീസണിലെങ്കിലും ഇറക്കുമതി തുടങ്ങത്തക്കവണ്ണം കേന്ദ്ര കൃഷി വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: 1980-81-ൽ ഇത് സംബന്ധിച്ച് പരമാവധി ശ്രമിച്ചതാണ്. അവസാനം തരികയില്ലന്ന് പറഞ്ഞ്മാറുന്നു. കൺടെയ്നർ സിസ്റ്റമാണ് ഇപ്പോഴത്തെ പോർട്ട് ഓപ്പറേഷനിൽ ലാഭകരം. അതുകൊണ്ട് ആലപ്പുഴ വരുമ്പോൾ കൺടെയ്നർ സിസ്റ്റമില്ലാത്തതുകൊണ്ട് ലാഭകരമല്ലെന്ന സ്ഥിതിയാണ് അവരെടുക്കുന്നത്. ഇപ്പോഴും ഇക്കാര്യത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്, ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

III. സബ്മിഷൻ

(1) ഏറ്റുമാനൂരിൽ റബ്ബർ ഫാക്ടറികളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം

ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ: സർ, ഏറ്റുമാനൂർ പഞ്ചായത്തിന്റെ ഒന്നു മുതൽ നാലുവരെയുള്ള വാർഡുകളിലും അതിരംപുഴ പഞ്ചായത്തിന്റെ നാലു വാർഡുകളിലും ഉണ്ടായിരിക്കുന്ന അന്തരീക്ഷ മലിനീകരണം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാനാഗ്രഹിക്കുന്നത്. ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 22 റബർ ഫാക്ടറികളിൽനിന്ന് പുറത്തേയ്ക്ക് വമിക്കുന്ന മലിനീകരണ സാധനങ്ങളും ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ കാതലായി ബാധിക്കുന്നു. ഏറ്റുമാനൂർ പരിസ്ഥിതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അത് സംബന്ധിച്ച് ചിലനടപടികളും സ്വീകരിച്ചിട്ടുണ്ട്. ആ പ്രദേശത്ത് റബർ അസംസ്കൃത സാധനമായി ഉപയോഗിക്കുന്ന ഫാക്ടറികളിൽ നിന്ന് വരുന്ന സാധനങ്ങൾ മനുഷ്യർക്കു മാത്രമല്ല ജീവജാലങ്ങൾക്കു പോലും അപകടം സംഭവിക്കുന്ന സാഹചര്യങ്ങളാണുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇതിൻമേൽ സത്വരനടപടികളും എടുക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ ഏരിയയിൽ 47 വ്യവസായങ്ങളുള്ളതിൽ 40 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ വായു മലിനീകരണ സാദ്ധ്യതയുള്ള 14 ട്രഡ് റബർ യൂണിറ്റുകളും രണ്ട് ബാറ്ററി കണ്ടെയിനർ യൂണിറ്റുകളുമാണുള്ളത്. വായു മലിനീകരണത്തിന് സാദ്ധ്യത കൂടിയ കാർബൺ മിക്സിംഗ് അപൂർവ്വമായി പ്രവർത്തിപ്പിക്കുന്ന 13 സ്ഥാപനങ്ങളിൽ നിന്നും മലിനീകരണം താരതമ്യേന കുറവാണ്. മൂന്ന് കാർബൺ മിക്സിംഗ് യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്ന 'മിഡാസ്' റബർ ഫാക്ടറിയിൽ നിന്നാണ് ഏറ്റവും കൂടുതൽ മലിനീകരണം അനുഭവിക്കുന്നത്. ഈ കമ്പനിക്ക് വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 7-11-1990-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പനി സ്വീകരിച്ചു വരുന്ന നടപടി ബോർഡ് നിരീക്ഷിച്ചു വരികയാണ്. ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രദേശം വായു മലിനീകരണ നിയന്ത്രണ മേഖലയായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. സംസ്ഥാനമൊട്ടാകെ വായു മലിനീകരണ നിയന്ത്രണ മേഖലയായി പ്രഖ്യാപിക്കാൻ നടപടിയെടുത്തു വരുന്നു. അത് ഔദ്യോഗികമായി പ്രഖ്യാപിച്ചാലെ നിയമപരമായി നിർബന്ധ വ്യവസ്ഥയോടുകൂടി ഈ വക കാര്യങ്ങളും പാലിക്കണമെന്ന് അവരോട് പറയാനൊക്കുകയുള്ളു. അതിനുശേഷം ഈ കാര്യം നോക്കാം. ഏതായാലും ശരി ഇതിനാവശ്യമായ സംവിധാനങ്ങളും സജ്ജീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(2) അമ്മിനിക്കാട്—ഒടമല—പാറൽ റോഡ്

ശ്രീ. നാലകത്ത് സൂപ്പി: സർ, എന്റെ നിയോജക മണ്ഡലത്തിലെ രണ്ടാമത്തെ എം. എൽ. എ. റോഡായ അമ്മിനിക്കാട്—ഒടമല—പാറൽ റോഡ് 1987-ൽ പണിയാരംഭിച്ച് ഏതാനും ഭാഗങ്ങളിൽ എർത്ത് വർക്ക് മാത്രം ചെയ്ത് പണി മുടങ്ങിക്കിടക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലൊക്കെ പരാതി നൽകിയിരുന്നു. ബന്ധപ്പെട്ട കരാറുകാരൻ യാതൊരു കാരണവുമില്ലാതെ പണി നിറുത്തിവച്ച് പോയിയെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly